ഉത്തരം

(എ) ഉണ്ട്.

(ബി) നിയമനിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുന്നതേയുള്ളൂ.

ഡി.ടി.പി.സി.-കൾ നൽകിയ പ്രോജക്ടുകൾ

80 [3227] ശ്രീ. എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികളെപ്പറ്റി ഡി.ടി.പി.സി.-കൾ നൽകിയ എത്ര പ്രോജക്ടുകൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്;

(ബി) അവയിൽ വയനാട് ജില്ലയെ സംബന്ധിക്കുന്ന ഏതെല്ലാം പ്രോജക്ടുകളുണ്ട്;

(സി) ഇവ സംബന്ധിച്ച് എന്നേക്ക് തീർപ്പ് കൽപ്പിക്കുമെന്ന് പറയുമോ;

(ഡി) ജില്ലകളിൽ നടപ്പാക്കേണ്ട ടൂറിസം വികസന പദ്ധതികൾ നടപ്പാക്കാനുള്ള പൂർണ്ണ അധികാരം ഡി.ടി.പി.സി.-കൾക്ക് കൈമാറാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒന്നും ഇല്ല.

(ബി, സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

(ഡി) ഈ നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

വിദേശപര്യടനത്തിന്റെ ചെലവ്

81 [3228] ശ്രീ. ടി. കെ. ദേവകുമാർ :
„ പി. സി. ജോർജ്:
„ വി. കെ. സി. മമ്മത്കോയ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവർത്തന സ്വാതന്ത്ര്യം അനുവദിക്കണമെന്ന കേരള ടൂറിസം കോർപ്പറേഷൻ ചെയർമാന്റെ ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടൂറിസം വകുപ്പിന്റെ അനുമതി കൂടാതെ കെ.ടി.ഡി.സി.-യെ പ്രതിനിധീകരിച്ച് ആരെങ്കിലും വിദേശ പര്യടനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കെ.ടി.ഡി.സി.-യുടെ ആവശ്യാർത്ഥം ടൂറിസം വകുപ്പുമന്ത്രിയും ചെയർമാനും ഇതിനകം നടത്തിയ വിദേശ പര്യടനം കൊണ്ട് എന്തു നേട്ടമാണ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് മൊത്തം യാത്രാചെലവ് സഹിതം വിശദമാക്കാമോ?

ഉത്തരം

(എ) പത്രവാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാരിന്റെ അനുമതിയില്ലാതെ ആരും കെ.ടി.ഡി.സി.-യെ പ്രതിനിധീകരിച്ച് വിദേശയാത്ര നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly